**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No.A9-2833/24 dt. 02/03/2024

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്ന് എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്.

തിരുവഞ്ചിക്കുളം ഗ്രൂപ്പ് ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ 1199 എം.ഇ. മീനഭരണിയോടനുബന്ധിച്ച് (ടി കാലഘട്ടത്തേക്ക് മാത്രം) ക്ഷേത്രത്തിനകത്തും, ക്ഷേത്രപാലകന്റെ നടയിലും ഭക്തർ എറിയുന്ന നാളികേരം (പൊട്ടിയതും പൊട്ടാത്തതുമായവ) അതാത് ദിവസം തൂക്കം എടുക്കുന്നതിനുള്ള അവകാശം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വെച്ച് സീൽഡ് ടെണ്ടർ സ്വീകരിച്ച് അവകാശം ഏൽപ്പിക്കുവാൻ തീരുമാനിച്ചിരുക്കുന്നു.

ടെണ്ടറിൽ നാളികേരം ക്വിന്റൽ 1 ക്ക് എന്ത് വിലയ്ക്ക് എടുക്കുമെന്നുള്ളതിന് സംഖ്യ രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും, ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 7500/- ക യുടെ ഡി ഡി സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ (തൃശൂരിൽ മാറാവുന്നത്) എന്ന പേരിൽ സമർപ്പിക്കേണ്ടതുമാണ്. ടെണ്ടറുകൾ ടെണ്ടർ ദിവസം 13/03/24 പകൽ 2.00 പി.എം. വരെ രജിസ്റ്റർ തപാൽ വഴിയും നേരിട്ടും ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡോഫീസിൽ വെച്ച് അന്നേ ദിവസം 2.30 ന് ശേഷം തുറക്കുന്നതാണ്.

നിരതദ്രവ്യം സമർപ്പിക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തിയുടെ പേരിൽ ടെണ്ടർ തൽക്കാലികമായി ഉറപ്പിക്കുന്നതും ബഹു. ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി അതാതു ദിവസത്തെ തൂക്കത്തിനുള്ള സംഖ്യ ശ്രീദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ടി സംഖ്യ അടക്കാതിരിക്കുകയോ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ വരുത്തുന്ന പക്ഷം ടിയാന്റെ നിരതദ്രവ്യം സംഖ്യ പിഴയായി ദേവസ്വത്തിലേക്ക് മുതൽകൂട്ടുന്നതും ശേഷം ലഭിക്കുന്ന നാളികേരം യുക്തമെന്ന് തോന്നുന്ന വിധം വിറ്റഴിക്കുന്നതുമാണ്. ടെണ്ടർ വകുപ്പിന് ഗുണകരമല്ലെന്നു കണ്ടാൽ വേണ്ടെന്നു വെക്കുന്നതിനോ, യുക്തമെന്ന് തോന്നുന്ന മറ്റുനടപടികൾ സ്വീകരുക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടർ കവറിന് മുകളിൽ **ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിലെ 1199 എം.ഇ. മീനഭരണി നാളികേരലേലം എന്നെഴുതേണ്ടതാണ്.**

ഈ ലേലത്തെകുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലോ, തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിലോ, ശ്രീദേവസ്വം ഓഫീസിലോ, പ്രവൃത്തി സമയങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്
ദേവസ്വം കമ്മീഷ്ണർ
കൊച്ചിൻ ദേവസ്വം ബോർഡ്